# മെത്രാപ്പോലീത്തായുടെ കത്ത്



**(ജൂലൈ 2015)**

**കർത്താവിൽ പ്രിയരേ,**

ആകാംക്ഷാനിർഭരമായിരുന്ന ഒരു മാസം നാം പിന്നിടുകയാണ്. ഈ മാസത്തിന്റെ പരിസമാപ്തിയിൽ ആ ആകാംക്ഷയ്ക്കു വിരാമമിട്ടുകൊണ്ട് ഈ കാലഘട്ടത്തിലെ ഏറ്റവും ചൂടുപിടിച്ച രാഷ്ട്രീയ പ്രചരണത്തിന്റെ ഒരു അദ്ധ്യായം അടയുകയാണ്. അരുവിക്കര തിരഞ്ഞെടുപ്പിന്റെ പ്രചരണകാലഘട്ടത്തിൽ രാഷ്ട്രീയരംഗത്തു ഉരുണ്ടുകൂടിയ ഇരുണ്ട പ്രവണതകൾ വളരെ നിർഭാഗ്യകരമാണ് എന്നു പറയാതിരിക്കാൻ കഴിയുകയില്ല. സ്വന്തം നേട്ടങ്ങളോ ദർശനങ്ങളോ ഒന്നും പങ്കുവെയ്ക്കാനില്ലാതെ അപരന്റെ മേൽ ചെളിവാരിയെറിഞ്ഞ് പ്രചരണരംഗം ചൂടുപിടിപ്പിക്കുന്ന പരമദയനീയമായ അവസ്ഥയാണ് കണ്ടുകൊണ്ടിരുന്നത്. മറ്റുള്ളവരെ വ്യക്തിഹത്യ നടത്തി തേജോവധം ചെയ്യുവാൻ ഇറങ്ങി പുറപ്പെട്ടിരിക്കുന്നവർ അവനവനിലേക്കു ഒന്നു നോക്കി സ്വന്തം മനഃസാക്ഷിയുടെ മുമ്പിൽ ഒരു ആത്മപരിശോധന നടത്തിയിരുന്നെങ്കിൽ ഇപ്രകാരം തേജോവധം നടത്താനുള്ള എന്തെങ്കിലും യോഗ്യത തങ്ങൾക്കുണ്ടോ എന്നു ബോധ്യപ്പെടുമായിരുന്നു. പഴയ കേരളം സാംസ്കാരിക പ്രബുദ്ധതതയിൽ എത്ര ഉന്നതമായ നിലയിലായിരുന്നു എന്നു ആ കാലഘട്ടം നേർകാഴ്ചകളായി കണ്ടിട്ടുള്ളവർക്ക് മനസ്സിലാക്കാൻ പ്രയാസമില്ല. ഒരു സംഭവം അനുസ്മരിപ്പിക്കട്ടെ. അന്ന്, രാഷ്ട്രീയ പ്രചരണരംഗം മാന്യതയുടെ പ്രകാശനവേദിയായിരുന്നു. കേരളത്തിന്റെ മാത്രമല്ല ഭാരതത്തിന്റെ തന്നെ അഭിമാനമായിരുന്നു ഡോ. വി.കെ. കൃഷ്ണ മേനോൻ. എന്നാൽ അദ്ദേഹം ബോംബെയിൽ നിന്നു പാർലമെന്റിലേക്കു മത്സരിച്ചപ്പോൾ പരാജയപ്പെട്ടു. പിന്നീട് തിരുവനന്തപുരത്തു വന്നു സ്ഥാനാർത്ഥിയായി മത്സരിച്ച ആ കാലഘട്ടത്തിലെ പ്രചരണത്തിന്റെ മഹത്വം നാം തിരിച്ചറിയേണ്ടതാണ്. തന്റെ എതിരാളിയെക്കുറിച്ച് ആരോപണമായോ അപവാദമായോ ഒരു വാക്ക് അദ്ദേഹം ഉച്ചരിച്ചിരുന്നില്ല. വാക്പോരിലാണെങ്കിൽ ഏതൊരു എതിരാളിയെപ്പോലും നിഷ്പ്രഭമാക്കുവാൻ കഴിയുന്ന അസാധാരണ വാക്ചാതുര്യത്തിന്റെ ഉടമയായ അദ്ദേഹം ഐക്യരാഷ്ട്രസഭയെപ്പോലും തന്റെ പ്രഭാഷണംകൊണ്ട് അത്ഭുതപ്പെടുത്തിയ വ്യക്തിയായിരുന്നു എന്ന സത്യം നാം ഓർക്കേണ്ടതാണ്. എങ്കിൽപ്പോലും എതിരാളിക്കുനേരെ തന്റെ വാക്ശരങ്ങൾ അദ്ദേഹം പ്രയോഗിച്ചില്ല. തിരുവനന്തപുരത്തെ പ്രബുദ്ധജനത വി.കെ. കൃഷ്ണമേനോനെ പാർലമെന്റിലേക്ക് അയച്ചത് അദ്ദേഹത്തിന്റെ വ്യക്തിത്വപ്രഭാവം തിരിച്ചറിഞ്ഞുകൊണ്ടുതന്നെയായിരുന്നു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശശി തരൂർ പാർലമെന്റിലേക്ക് തിരുവനന്തപുരത്തുനിന്നു ജയിച്ചതും അങ്ങനെതന്നെയായിരുന്നു. ഒരു അഴിമതിമുക്ത കേരളം രൂപപ്പെടുത്തണമെങ്കിൽ രാഷ്ട്രീയരംഗവും അഴിമതി വിമുക്തവും മാലിന്യമുക്തവും ആകേണ്ടതുണ്ട്. ഈ നാടിന്റെ വികസനക്കുതിപ്പിന് ഊർജ്ജം പകരുവാൻ ഇടുങ്ങിയ കക്ഷിരാഷ്ട്രീയ പ്രവണതകൾക്കതീതമായി എല്ലാവരും ഒന്നിച്ചു നിൽക്കണം. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും നാം ഇക്കാര്യം കണ്ടുപഠിക്കേണ്ടതാണ്. സംസ്ഥാനത്തിന്റെ പൊതുതാല്പര്യം വരുമ്പോൾ അവിടെ രാഷ്ട്രീയ പാർട്ടികൾ ഒറ്റക്കെട്ടാണ്. വാർത്തകളിൽ നിറഞ്ഞുനിൽക്കാൻ വേണ്ടി രാവിലെ മുതൽ ആരോപണങ്ങളുടെ പെരുമഴ പെയ്യിച്ചുകൊണ്ടു നടക്കുകയും എന്നാൽ തെളിവു നൽകാൻ പറയുമ്പോൾ തെളിവു നൽകാതെ നാടുനീളെ ഹിറ്റ്ലറുടെ പബ്ളിസിറ്റി ഓഫീസറായിരുന്ന ഗീബൽസിന്റെ പ്രചരണ തന്ത്രവുമായി നടക്കുന്നവർ അത്തരം ദുഷ്പ്രേരണകളിൽ നിന്നും മുക്തരാകേണ്ടത് ജനാധിപത്യ കേരളത്തിന്റെ ഭാവിയ്ക്കു അനിവാര്യമാണ്. അരുവിക്കരയിലെ തിരഞ്ഞെടുപ്പു ഫലം എന്തുതന്നെയായാലും മൂല്യാധിഷ്ഠിത ജനാധിപത്യത്തിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രീയ പ്രബുദ്ധത കൈവരിക്കുന്നതിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരുമിച്ചു ശ്രമിച്ചാൽ മാത്രമേ കേരളത്തിന്റെ ഭാവി ശോഭനമാകുകയുള്ളു.

പ്രതീക്ഷകളുടെ ചിറകുകൾ സമ്മാനിച്ചുകൊണ്ട് ഒരു പുതിയ വിദ്യാലയവർഷം കടന്നുവന്നിരിക്കുന്നു. വിദ്യാഭ്യാസരംഗവും ഇന്നു ആരോപണങ്ങളുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. ആസൂത്രണത്തിലുള്ള പാകപ്പിഴകളും നടത്തിപ്പിൽ വരുന്ന കാര്യക്ഷമതയില്ലായ്മയും വിദ്യാഭ്യാസരംഗത്തെ ഇന്ന് കുത്തഴിഞ്ഞ പുസ്തകമാക്കി മാറ്റിയിരിക്കുന്നു എന്ന വസ്തുത ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കുന്ന ഏതു കാര്യവും വെറുമൊരു വിദ്യാഭ്യാസ പ്രശ്നമായിട്ടല്ല, നാടിന്റെ ഭാവിയെക്കൂടി ബാധിക്കുന്ന ഗുരുതരമായ സാമൂഹ്യ പ്രശ്നമായി നാം പരിഗണിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാന ഗവണ്മെന്റിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സത്വരശ്രദ്ധ പ്രശ്നപരിഹാരത്തിനു ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കട്ടെ. ചില വർഷങ്ങൾക്കു മുമ്പ് പ്രീഡിഗ്രി കോളേജിൽ നിന്നും മാറ്റി ഹയർ സെക്കന്ററി രൂപീകരിക്കുവാൻ ശ്രമിച്ചപ്പോൾ അന്നു പ്രതിപക്ഷത്തിരുന്ന് തടസ്സം സൃഷ്ടിച്ചവർ പിന്നീട് അധികാരത്തിലെത്തിയപ്പോൾ നാടെങ്ങും ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിച്ചത് കേരള ജനത കണ്ടതാണ്. ഏതു പാർട്ടിയായാലും മുന്നണിയായാലും പ്രതിപക്ഷത്തിരിക്കുമ്പോൾ ഒരു നയവും ഭരണത്തിൽ വരുമ്പോൾ വിപരീതനയവും എന്നത് നീതിയ്ക്കു നിരക്കുന്നതാണോ എന്നു ചിന്തിക്കുക. അധികാരത്തിലിരിക്കു

ന്നവർ ഏതു പുതിയ പദ്ധതി കൊണ്ടുവന്നാലും അവയ്ക്കെല്ലാം തടസ്സങ്ങൾ സൃഷ്ടിക്കുക എന്ന നയം മാറേണ്ട കാലം കഴിഞ്ഞിരിക്കുന്നു.

ആറന്മുള വിമാനത്താവളത്തിന്റെ സ്ഥിതി എന്തായി എന്നു നമുക്കറിയാം. അധികാരത്തിലിരുന്നപ്പോൾ പദ്ധതിയ്ക്കായി നടത്തിയ നീക്കങ്ങൾ മറന്ന് അധികാരം നഷ്ടപ്പെട്ടപ്പോൾ പ്രതിഷേധവുമായി ഇറങ്ങിയത് എന്തു ധാർമ്മികതയുടെ പേരിലാണ്? പല ലോബികളുടെയും പ്രതിഷേധ നീക്കങ്ങൾ തദ്ദേശിയരുടെ നീക്കങ്ങളേക്കാൾ ശക്തമായിരുന്നു. എന്നാൽ ഒരു കാര്യത്തിൽ പലരും വിചാരിച്ചതുപോലെ നടന്നില്ല. ആറന്മുളയുടെ മഹത്തായ മതസൗഹാർദ്ദ പൈതൃകത്തിൽ വിള്ളലുണ്ടാക്കാനുള്ള ശ്രമം ഏതായാലും നടന്നില്ല. ആറന്മുള അതിന്റെ പൈതൃകം കാത്തു. സമരനേതാക്കൾ അവകാശപ്പെട്ടതുപോലുള്ള പോരാട്ടമല്ല വിജയിച്ചത്, ആറന്മുളയുടെ മതസാഹോദര്യത്തിന്റെ പൈതൃകമാണ് വിജയിച്ചത്.

നമ്മുടെ ലക്ഷക്കണക്കിനു കുഞ്ഞുങ്ങൾ പ്രാഥമിക ക്ലാസ്സുകളിലേക്കു പ്രവേശിച്ചു കഴിഞ്ഞു. വിവിധ കോഴ്സുകൾ കഴിഞ്ഞ് ജീവിതത്തിന്റെ വഴിത്തിരിവിന്റെ നിർണ്ണായക ഘട്ടത്തിലെത്തി നിൽക്കുന്നവർ അനേകരുണ്ട്. ഉപജീവനമാർഗ്ഗം തേടാനുള്ള മാർഗ്ഗമായി മാത്രം വിദ്യാഭ്യാസത്തെ കാണാതെ സാമൂഹ്യസേവനവും രാഷ്ട്രനിർമ്മാണവും ലക്ഷ്യമാക്കി പഠിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികൾക്കു കഴിയണം. ദൈവം നൽകിയ താലന്തുകൾ സമൂഹനന്മയ്ക്കായി ഉപയോഗപ്പെടുത്തുവാൻ വിദ്യാർത്ഥികൾക്കു കഴിയട്ടെ എന്ന് ആശംസിക്കുന്നു. തമിഴ്നാട്ടിൽ കുറ്റാലത്തു താമസിക്കുന്ന മാവേലിക്കര സ്വദേശിയായ നമ്മുടെ മാർത്തോമ്മാ സഭാംഗമായ വർഗ്ഗീസിന്റെ മകൾ മെറിൻ നൂറുശതമാനം മാർക്കുവാങ്ങി എസ്.എസ്.എൽ.സി. പരീക്ഷയിൽ ആ സംസ്ഥാനത്ത് ഒന്നാം റാങ്കു നേടിയത് അഭിമാനകരമത്രെ. നമ്മുടെ കുഞ്ഞുങ്ങൾ ഉന്നത ശ്രേണികളിൽ എത്തിച്ചേരുന്നതോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. അവയെല്ലാം തന്നെ സാക്ഷ്യത്തിന്റെ മുഖാന്തരങ്ങളായി നാം കാണേണ്ടിയിരിക്കുന്നു. ജീവിതത്തിൽ പ്രവർത്തനപന്ഥാവുകൾ തിരഞ്ഞെടുക്കുമ്പോൾ ദൈവഹിതപ്രകാരം തിരഞ്ഞെടുപ്പുകൾ നടത്തുവാൻ ശ്രദ്ധിക്കണം. സാഹചര്യങ്ങളുമായുള്ള ബന്ധത്തിൽ വിശകലനം ചെയ്യുമ്പോൾ നാം സാധാരണയായി കാണുന്നത് മൂന്നുകൂട്ടം ആളുകളെയാണ്. (1) വേണ്ടത്ര മെച്ചപ്പെട്ട സാഹചര്യങ്ങൾ ലഭിക്കാതെ പോകുന്നവർ. അത് ആ വ്യക്തികളുടെ കുറ്റം കൊണ്ട് ആകണമെന്നില്ല. സാമ്പത്തികവും ഭൗതികവുമായ പിന്നോക്കാവസ്ഥകൾ കാരണമായേക്കാം. (2) സാഹചര്യങ്ങൾ ലഭിച്ചിട്ടും പ്രയോജനപ്പെടുത്താതിരിക്കുന്നവർ. കർത്താവിന്റെ ഉപമയിലെപ്പോലെ ഒരു താലന്ത് ലഭിച്ചപ്പോൾ അതുകൊണ്ടുചെന്ന് കുഴിച്ചിട്ട വ്യക്തിയുടെ പിൻതലമുറക്കാരാണ് ഇക്കൂട്ടർ. (3) സാഹചര്യങ്ങളെ വേണ്ടരീതിയിൽ, ദൈവം നൽകിയ സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രയോജനപ്പെടുത്തുന്നവർ. എന്നാൽ നാലാമതൊരു കൂട്ടരുണ്ട്. അവരാണ് ലോകത്തിൽ മാറ്റങ്ങൾക്ക് ചാലകശക്തിയായിത്തീരുന്നവർ. അവർ സാഹചര്യങ്ങളുടെ ഇരയായിത്തീരാതെ സാഹചര്യങ്ങളെ സൃഷ്ടിക്കുന്നവരാണ്. അവരാണ് ലോകത്തെ നന്മയുടെ സുപ്രഭാതത്തിലേക്കു നയിക്കുന്നവർ. അവർ ദൈവത്തോടു ചേർന്നു നിന്നുകൊണ്ട് സാഹചര്യങ്ങളെ രൂപപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യും. നമുക്കിന്നാവശ്യം ഇങ്ങനെയുള്ളവരെയാണ്.

നമ്മുടെ കറ്റാനത്തു ഫാർമസി കോളേജിനു അനുമതി ലഭ്യമായി. ക്ലാസുമുറികളും ലാബും തയ്യാറായിക്കൊണ്ടിരിക്കുന്നു. ഓഫീസ് കെട്ടിടസമുച്ചയത്തിന്റെ കൂദാശ ഉടനെ നിർവ്വഹിക്കുന്നതാണ്. ഒന്നര കോടി രൂപാ കെട്ടിടനിർമ്മാണത്തിനു ചെലവായി. അനേകരുടെ കൈതുറന്ന സംഭാവനകൾകൊണ്ടാണ് ഇത്രയും പൂർത്തീകരിക്കാൻ കഴിഞ്ഞത്. തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നു.

നമ്മുടെ ഗവണ്മെന്റ് Physically and Mentally Challenged Institutions ന് ഗവണ്മെന്റ് എയ്ഡ് നൽകാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും അതിന്റെ പിൻപിലുള്ള നടപടിക്രമങ്ങൾ സ്വീകാര്യമല്ലാത്തതിനാൽ ആ വാഗ്ദാനം സ്വീകരിക്കാൻ സഭ താല്പര്യപ്പെടുന്നില്ല. ഈ സ്ഥാപനങ്ങളെ സഭയുടെ ദർശനത്തിനും പ്രതിബദ്ധതയ്ക്കും അനുസരിച്ച് മുന്നോട്ടു കൊണ്ടുപോകുവാനാണ് നാം ആഗ്രഹിക്കുന്നത്. ഗവണ്മെന്റ് വാഗ്ദാനം സ്വീകരിച്ചാൽ Sponsorship, Special food offer എന്നിവ സ്വീകരിക്കുവാൻ കഴിയുകയില്ല. പൊതുജനങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തോടുകൂടിയാണ് നമ്മുടെ ഈ മേഖലയിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്. ഇതുവരെ നടത്തിയ ദൈവം തുടർന്നും വഴി നടത്തും. ഈ വിശ്വാസത്തിലും ഉറപ്പിലും നമുക്കു മുന്നേറാം.

നമ്മുടെ രാഷ്ട്രത്തിന്റെ ഭാവി സംബന്ധിച്ച് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയ്ക്കുണ്ടായിരുന്ന സ്വപ്നം മതസാഹോദര്യത്തിൽ അധിഷ്ഠിതമായ മതേതരഭാരതം എന്നതായിരുന്നു. ഗാന്ധിജിക്ക് മതം സത്യമായിരുന്നു, സ്നേഹമായിരുന്നു. എന്നാൽ ഇന്ന് പല ശക്തികളും ഭാരതത്തിന്റെ മതസാഹോദര്യത്തിന്റെ ഹൃദയത്തിൽ മുറിവുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം പ്രവണതകൾ രാജ്യത്താകമാനം ഭീതിയുടെ വിത്തുകൾ വിതച്ചുകൊണ്ടിരിക്കുകയാണ്. സവർണ്ണൻ എന്നു പറയപ്പെടുന്ന ഒരാളുടെമേൽ ഒരു ദളിത് യുവതിയുടെ നിഴൽ വീണു എന്ന് പറഞ്ഞ് ദളിത് യുവതിയെ മർദ്ദിച്ച സംഭവം ഭാരതത്തിന്റെ മതേതരസംസ്കാരത്തിന്റെ ഹൃദയത്തിലേറ്റ വലിയ ആഘാതവും മുറിവുമാണ്. ലക്ഷ്മണനോട് വിവാഹ അഭ്യർത്ഥന നടത്തിയ ശൂർപ്പണഖയോട് ചെയ്തതിനേക്കാൾ കിരാതമാണിത്. ഇത്തരം പ്രവണതകളെ എന്തു വില കൊടുത്തും പ്രതിരോധിക്കേണ്ടതാണ്. ഇത്തരം ദുഷ്പ്രവണതകളെ മുളയിലെ നുള്ളിക്കളഞ്ഞില്ലെങ്കിൽ രാഷ്ട്രം ഗുരുതരമായ അവസ്ഥാ വിശേഷത്തിലേക്കായിരിക്കും പ്രവേശിക്കുന്നത്. പ്രതിലോമകരങ്ങളായ പ്രവർത്തനങ്ങളെ പ്രതിരോധിക്കാനുള്ള ധിഷണാശക്തിയും നിശ്ചയദാർഢ്യവും നമ്മുടെ പ്രധാനമന്ത്രി പ്രകടിപ്പിക്കുമെന്ന് പ്രതീക്ഷിക്കാം, അതിനായി ദൈവം ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

പൂലാത്തീൻ നിർമ്മാണത്തിന്റെ പണി വളരെവേഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിർലോഭമായി സഹകരിച്ച ഇടവകകളോടും വ്യക്തികളോടുമുള്ള അഭിനന്ദനം അറിയിക്കുന്നു. ഇനിയും പ്രതികരിക്കാത്ത ഇട

വകകൾ നിർദ്ദേശിച്ചിരിക്കുന്ന തുകകൾ നൽകി സഹകരിക്കണമെന്നു അറിയിക്കുന്നു. ജൂലൈ 31 നു മുമ്പു തന്നെ തുകകൾ സഭാ ഓഫീസിൽ ഏൽപിക്കേണ്ടതാണ്. ഈ വരുന്ന മണ്ഡലയോഗത്തിനു മുമ്പ് കൂദാശ നിർവ്വഹിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

മാർത്തോമ്മാ സഭയുടെ അഭിമാനമായിരുന്ന ഡോ. എം.എം. തോമസിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് ഒരു ഏകദിന സെമിനാർ ആഗസ്റ്റ് 31 നു ക്രമീകരിക്കുകയാണ്. പ്രശസ്ത ദൈവശാസ്ത്രജ്ഞനായിരുന്ന അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചാണ് സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടുന്നത്. ഡോ. എം.എം. തോമസിന്റെ ദർശനങ്ങളെക്കുറിച്ച് ഗവേഷണം നടത്തി പി.എച്ച്.ഡി. കരസ്ഥമാക്കിയ അഖില ലോക സഭാ കൗൺസിലിന്റെ അസോസിയേറ്റ് സെക്രട്ടറി Rev. Dr. Hielke Wolkers ആണ് മുഖ്യചിന്താവിഷയം അവതരിപ്പിക്കുന്നത്. അടുത്ത മണ്ഡലയോഗത്തിൽ അദ്ദേഹം തന്നെയാണ് ധ്യാനപ്രസംഗം നിർവ്വഹിക്കുന്നതും.

നമ്മുടെ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ സതീർത്ഥ്യനായിരുന്ന ആദരണീയനായ പി. ശാമുവേൽ (98) സാർ അന്തരിച്ചു. അദ്ദേഹത്തിന്റെ ജീവിതം ഹൃദയസ്പർശിയായ ഒരു ജീവിതമായിരുന്നു. ആ ജീവിതം ഒരു അനുഗൃഹീതസാക്ഷ്യമായിരുന്നു. രാവിലെ ദിനചര്യകൾ കഴിഞ്ഞ് പെൻഷൻ വാങ്ങാൻ പോയി മടങ്ങി വന്ന് ഭക്ഷണം കഴിച്ച് വിശ്രമിച്ച അദ്ദേഹം കർത്താവിന്റെ സന്നിധിയിലേക്ക് വിളിച്ചു ചേർക്കപ്പെട്ടു. വളരെ ആത്മാർത്ഥമായി സഭയെ സ്നേഹിച്ച ശമുവേൽ സാർ ശ്രേഷ്ഠനായ ഒരു മാതൃകാ അദ്ധ്യാപകനായിരുന്നു. സൺഡേസ്കൂൾ അദ്ദേഹത്തിന് ഒരു ഹരമായിരുന്നു. എല്ലാ ഞായറാഴ്ചയും മുടങ്ങാതെ ആരാധനയിൽ പങ്കെടുക്കാൻ അദ്ദേഹം ശ്രദ്ധിക്കുമായിരുന്നു. നാമും കോഴഞ്ചേരി സ്കൂളിൽ പഠിക്കുമ്പോൾ അവിടെ അദ്ദേഹം അദ്ധ്യാപകനായിരുന്നു. ഈ ഗുരുശ്രേഷ്ഠന്റെ സ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ആ ജീവിതധന്യതയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

പത്രോസ് ശ്ലീഹായുടെയും പൗലോസ് ശ്ലീഹായുടെയും നാളുകളെ അനുസ്മരിച്ചുകൊണ്ടാണ് ജൂലൈ മാസത്തിലെ ധ്യാനങ്ങളിലേക്ക് നാം പ്രവേശിച്ച് വി. തോമാശ്ലീഹായുടെ നാളിനെ അനുസ്മരിക്കുന്നത്. യേശുവിന്റെ പുനരുത്ഥാനത്തെ വൈകാരികമായി മാത്രം ഉൾക്കൊള്ളാതെ യുക്തിയുടെയും വ്യക്തമായ ധാരണകളുടെയും അടിസ്ഥാനത്തിൽ ഉൾക്കൊള്ളുവാൻ ശ്രമിച്ച ക്രിസ്തുശിഷ്യനാണ് ഭാരതത്തിന്റെ അപ്പോസ്തലനായ വി. തോമസ് ശ്ലീഹാ. എന്നാൽ കർത്താവിന്റെ പ്രത്യക്ഷത അവനു അനുഭവവേദ്യമായപ്പോൾ "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്നു പ്രഖ്യാപിച്ച ആദ്യത്തെ ക്രിസ്തുശിഷ്യനായി തോമാശ്ലീഹാ മാറുകയായിരുന്നു. സംശയനിവൃത്തി വരുത്തി ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസത്തോടും സുവിശേഷ തീക്ഷ്ണതയോടുംകൂടി അദ്ദേഹം ഭാരതത്തിലേക്കു കടന്നുവന്നിട്ട് രണ്ടു സഹസ്രാബ്ദങ്ങൾ നാം പിന്നിട്ടിരിക്കുന്നു. അനാത്മികമായ ഒരു അന്തരീക്ഷത്തിലേക്കല്ല, ആദ്ധ്യാത്മകതയുടെ ഈറ്റില്ലത്തിലേക്കാണ് അദ്ദേഹം കടന്നുവന്നത്. അദ്ദേഹത്തിന്റെ വിശ്വാസസ്ഥിരതയും ജീവിതസാക്ഷ്യവുമാണ് മലങ്കരയിൽ സഭയ്ക്ക് സാക്ഷ്യം നേടിക്കൊടുത്തത് എന്ന കാര്യം നാം വിസ്മരിക്കരുത്. ഭാരതീയ സംസ്കാരത്തിന്റെ അന്തഃരംഗത്തിലേക്കു കടന്നുവന്ന സഭ ദേശീയതയും മൂല്യാധിഷ്ഠിത ജനാധിപത്യസ്വഭാവവും അടിസ്ഥാനമാക്കിയാണ് ക്രിസ്തുവാകുന്ന സുവിശേഷത്തിന്റെ സാക്ഷ്യം നിർവ്വഹിച്ചത്. ഈ സാക്ഷ്യത്തിന് കോട്ടം തട്ടാതിരിപ്പാനും കൂടുതൽ ജ്വലിച്ചു പ്രകാശിപ്പാനും സഭയ്ക്കു കഴിയണം. പെന്തെക്കോസ്തിനു ശേഷമുള്ള 6-ാം ഞായറാഴ്ച നാം ധ്യാനിക്കുന്നത് പരിശുദ്ധാത്മ അഭിഷേകം ലഭിച്ച നമുക്കുണ്ടാകേണ്ട കാര്യവിചാരകത്വബോധവും ജീവിതസുതാര്യതയും വിശ്വസ്തതയും എന്ന വിഷയത്തെ ആസ്പദമാക്കിയാണ്. അടിസ്ഥാനമില്ലാത്തതായ ആരോപണ പ്രത്യാരോപണങ്ങളിൽ പാഴാക്കുവാനുള്ളതാണോ ഈ ജീവിതം എന്നു നാം ആലോചിച്ചു നോക്കണം. സഭയിലെ എല്ലാ സ്ഥാനികളും ജീവിതസുതാര്യതയും വിശ്വസ്തതയും കാത്തു പാലിക്കുന്നവരായിരിക്കണം. പട്ടത്വശുശ്രൂഷയുടെ മഹത്വത്തെ നാം തിരിച്ചറിയേണ്ടത് ക്രിസ്തുവിന്റെ മുറിവുകളെ അടയാളപ്പെടുത്തുന്ന സാക്ഷ്യത്തിലൂടെയായിരിക്കണം. എബ്രായലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു-"ക്രിസ്തു തന്റെ ഐഹിക ജീവിതകാലത്തു തന്നെ മരണത്തിൽ നിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു. പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതരായിത്തീർന്നു" (എബ്രായർ 5:7-9). ഗദ്സമനയിൽ ശുഭ്രവസ്ത്രധാരിയായി കടന്നു ചെന്ന് മുട്ടുകുത്തി പ്രാർത്ഥിച്ച കർത്താവ് രക്താംബരധാരിയായിട്ട് എഴുന്നേറ്റത് ഈ അനുസരണത്തിന്റെ പൂർണ്ണതയിലേക്ക് ചുവടുവെയ്ക്കുവാനാണ്. ഓരോ പട്ടക്കാരനും അനുസരണം പഠിച്ചു തികഞ്ഞവരായിത്തീരുന്ന പവിത്രീകരിക്കപ്പെട്ട ജീവിതത്തിന്റെ ഉടമകളായിത്തീരണം. 'പ്രവൃത്തിയില്ലാത്ത വിശ്വാസം വ്യർത്ഥം' എന്നു യാക്കോബ് ശ്ലീഹ പറയുന്നതും 'വിശ്വാസത്താൽ നാം നീതീകരിക്കപ്പെട്ടിരിക്കുന്നു' എന്നു അപ്പോസ്തലനായ വിശുദ്ധ പൗലോസ് പറയുന്നതും പരസ്പരപൂരകങ്ങളായ വസ്തുതകളാണ്. മീഖാ പ്രവാചകനിലൂടെ ദൈവം നമ്മോടു ആവശ്യപ്പെടുന്നത് മൂന്നു കാര്യങ്ങളാണ്-നീതി പ്രവർത്തിക്കുക, ദയാതൽപരനായിരിക്കുക, വിനയത്തോടെ നടക്കുക. പുതിയൊരു മലയാള സംവത്സരത്തിന്റെ സാധ്യതകളിലേക്കു ആഗസ്റ്റ് മാസത്തിൽ നാം പ്രവേശിക്കുമ്പോൾ ഈ വചനം നമ്മുടെ കാലിനു ദീപവും പാതെയ്ക്കു പ്രകാശവുമായിത്തീരട്ടെ.

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.

J mmalabar

പുലാത്തീൻ,
25-06-2015

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**